## പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2060

15.07.2011- ൽ മറുപടിയ്ക്ക്

## സ്വാശ്രയ മെഡിക്കൽ /എഞ്ചിനീയറിംഗ് കോളേജുകളിൽ സർക്കാരിന് അവകാശപ്പെട്ട സീറ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. പി.കെ.അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) |
| (എ) | സംസ്ഥാനത്ത് സ്വാശ്രയ മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജുകളിൽ സർക്കാരിന് അവകാശപ്പെട്ട എത്ര സീറ്റുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | 2010-ലെ കണക്ക് പ്രകാരം എഞ്ചിനീയറിംഗിന് സർക്കാർ മേഖലയിൽ 4404 സീറ്റുകളും, സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലായി 5895 സീറ്റുകളും ഉണ്ട്. സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 23620 സീറ്റുകൾ ഉള്ളതിൽ 50% സർക്കാർ സീറ്റുകളിലേക്കാണ് അലോട്ട്മെന്റ് നടത്തുന്നത്. എം.ബി.ബിഎസ് കോഴ്സുകൾക്ക് സർക്കാർ മേഖലയിൽ 850 സീറ്റും, സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 650 സീറ്റുകളും സർക്കാർ നിയന്ത്രണത്തിലുണ്ട് (2010-ലെ കണക്ക് പ്രകാരം). ബാക്കിയുള്ള സീറ്റുകൾ സ്വകാര്യ സ്വാശ്രയ കോളേജുകൾ നേരിട്ട് അഡ്മിഷൻ നല്കുന്നു. |
| (ബി) | ഇവയിൽ എത്ര സീറ്റുകളിൽ സർക്കാർ പ്രവേശനം നടത്തിയെന്ന് വ്യക്തമാക്കാമോ ; | (ബി) | ഈ വർഷം പ്രവേശന നടപടി ആരംഭിച്ചിട്ടില്ല. |
| (സി) | സർക്കാരിന് അവകാശപ്പെട്ട സീറ്റുകളിൽ മാനേജ്മെന്റ് നിയമനം നടത്തിയിട്ടുണ്ടോയെന്നും എങ്കിൽ ഇത് ആരുടെ വീഴ്ചകൊണ്ടാണ് ഉണ്ടായതെന്നും വ്യക്തമാക്കാമോ ; | (സി) | ബാധകമല്ല. |
| (ഡി) | ഇതിന് ഉത്തരവാദികളായവർക്ക് എതിരെ നടപടി സ്വീകരിക്കുമോ ? | (ഡി) | |

സെക്ഷൻ ഓഫീസർ